




# പ്രതീക്ഷയും ആശയുമേകി 'പ്രത്യാശ'




**എസ്. ഹരികിഷോർ ഐ എ എസ്**

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**


സംരംഭങ്ങൾ ആരംഭിക്കാൻ അയൽക്കൂട്ട വനിതകളെ പ്രോത്സാഹിപ്പിക്കുകയെന്നത് കുടുംബശ്രീയുടെ പ്രധാന പദ്ധതികളിലൊന്നാണല്ലോ. ജീവിതത്തിൽ നിരവധി വെല്ലുവിളികൾ നേരിടുന്ന ഏറെ പാവപ്പെട്ടവർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തി നൽകുന്നതിനായി സംരംഭങ്ങൾ ആരംഭിക്കാൻ സജ്ജരാക്കുകയെന്നത് പലപ്പോഴും ശ്രമകരമാണ്. അങ്ങനെയുള്ളവർക്ക് സ്വന്തമായി സംരംഭങ്ങൾ ആരംഭിച്ച് മികവിലേക്ക് ഉയരാൻ പരിശീലനവും ധനസഹായവും നിരന്തരമായ കൈത്താങ്ങും അനിവാര്യമാണ്. ഇതിനായി സബ്സിഡി ഉൾപ്പെടെയുള്ള സഹായങ്ങളേകാൻ ഞങ്ങൾ ആസൂത്രണം ചെയ്ത പദ്ധതിയാണ് 'പ്രത്യാശ'.

ശാരീരിക പരിമിതിയുള്ളവർ, ട്രാൻസ്ജെൻഡർ, പ്രായമാ



യവർ, കിടപ്പുരോഗികളുടെ ആശ്രിതർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർ, അതിക്രമങ്ങൾക്ക് ഇരയായ വർ തുടങ്ങിയവർക്ക് വേണ്ടിയാണ് ഈ പ്രത്യാശ പദ്ധതി നടപ്പാക്കുന്നത്. ഈ വിഭാഗത്തിൽപ്പെടുന്ന ആളുകൾ സംരഭങ്ങൾ തുടങ്ങാൻ മുന്നോട്ടു വന്നാൽ 'പ്രത്യാശ' പദ്ധതി പ്രകാരം വ്യക്തികൾക്ക് പരമാവ ധി 50,000 രൂപവരെ ധനസഹായം ലഭിക്കും. ഗ്രൂപ്പാ യാണ് സംരംഭം ആരംഭിക്കുന്നതെങ്കിൽ 2.5 ലക്ഷം രൂപവരെ മൂലധന സബ്സിഡിയായി നൽകും.

2018 ഏപ്രിൽ 1 മുതലാണ് ഞങ്ങൾ 'പ്രത്യാശ' തു ടങ്ങിയത്. സമൂഹത്തിൽ വലിയ മാറ്റമുണ്ടാക്കാൻ 'പ്രത്യാശ'യ്ക്ക് സാധിച്ചുവെന്ന് അഭിമാനത്തോടെ പറയട്ടെ. 2018-19 സാമ്പത്തികവർഷത്തിൽ 301 പുതിയ സംരംഭങ്ങളും (194 വ്യക്തിഗതം, 107 ഗ്രൂപ്പ്), 2019-20ൽ 150 (97 വ്യക്തിഗതം, 53 ഗ്രൂപ്പ്) പുതിയ സംരംഭങ്ങളും ഏറ്റവും അർഹരായ ആളുകൾക്ക് തുടങ്ങാൻ സാധിച്ചുവെന്നത് ഞങ്ങൾക്ക് വലിയ സംതൃപ്തി നൽകുന്നു. സ്റ്റേഷനറി കടകൾ (90), തയ്യൽ യൂണിറ്റുകൾ (65), ഫുഡ് പ്രോസസ്സിംഗ് യൂണിറ്റുകൾ (35), പേപ്പർ / തുണി സഞ്ചി- പേപ്പർ പേന നിർമ്മാണ യൂണിറ്റുകൾ (30), കാറ്ററിങ് യൂണിറ്റുകൾ (16) എന്നിങ്ങനെയുള്ള സംരംഭ ങ്ങളാണ് 'പ്രത്യാശ' പദ്ധതി വഴി കൂടുതലായി ആരംഭിച്ചിട്ടുള്ളത്.